കമ്പനിയുമായുള്ള കരാർ 31-3-2021-ന് കെ.എസ്.ഇ.ബി.എൽ. അവസാനിപ്പിച്ചു. കമ്പനിയുമായുള്ള വ്യവഹാരം ബഹു മാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുണ്ട്. വ്യവഹാരം തീർപ്പ് കൽപ്പിക്കുന്നമുറയ്ക്ക്, മയിലാട്ടിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി വിതരണത്തിലെ പ്രസരണ നഷ്ടം

216 (1946) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

വൈദ്യുതി വിതരണത്തിലെ പ്രസരണനഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

വൈദ്യുതി പ്രസരണനഷ്ടം കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസരണശൃംഖലയുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനിലെ ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പ്രസരണലൈനുകൾ ഉയർന്ന വോൾട്ടേജിലേയ്ക്ക് ഉയർത്തൽ, പുതിയ കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു. പ്രസരണ ലൈനുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപം നൽകിയിട്ടുള്ള പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെയും അനുബന്ധ പദ്ധതികളുടെയും പൂർത്തീകരണത്തോടെ പ്രസരണനഷ്ടത്തിൽ 107 മെഗാവാട്ട് കുറവുണ്ടാകുമെന്ന് കണക്കാക്കുന്നു. ഇതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് ലാഭിക്കാൻ കഴിയും.

(ബി) വൈദ്യുത മേഖലയുടെ സ്വകാര്യവത്കരണം സംബന്ധിച്ച് കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ആക്ട് 2003, വൈദ്യുതി ബിൽ 2021, വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് എന്നിവയിൽ കേന്ദ്രസർക്കാർ വൈദ്യുതിമേഖലയുടെ സ്വകാര്യവത്ക്കരണം സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട്, 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പലഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യ വത്കരണം ഉദ്ദേശിക്കുന്നില്ലെന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയെയും, പൊതുസമൂഹത്തെയും പ്രതികൂലമായി ബാധിക്കുമെന്നും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ലെന്നും കെ.എസ്.ഇ.ബി.-യും സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യാതെതന്നെ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതിയും മെച്ചപ്പെട്ട സേവനവും ലഭ്യമാക്കുന്നതിനുള്ള ബദൽനയങ്ങൾ കേരളം നടപ്പാക്കിവരുന്നു. വൈദ്യുതി വിതരണം പൊതുമേഖലയിൽ നിലനിർത്താനായതിനാലാണ് കേരളത്തിന് ഈ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചത്.

## മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ്

217(1947) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദ്വൈമാസ മീറ്റർ റീഡിംഗ് സ്ലാബുകളിൽ വരുത്തുന്ന മാറ്റം വൈദ്യുതിചാർജിൽ വർദ്ധനവ് ഉണ്ടാക്കുന്നത് സാധാരണക്കാരുടെ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മീറ്റർ റീഡിംഗ് ദ്വൈമാസം നടത്തുന്നതിനാൽ, സംസ്ഥാനത്തെ ഒരു ഉപഭോക്താവിന്റെ പക്കൽനിന്നും അധിക വൈദ്യുതിചാർജ്ജ് ഈടാക്കുന്നില്ല. വൈദ്യുതി നിയമം 2003-ലെ 456286 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണ്, സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതിചാർജ്ജ് ഈടാക്കിവരുന്നത്. ടി നിയമത്തിലെ വ്യവസ്ഥകൾ, ദേശീയ താരിഫ് നയം 2016, റെഗുലേറ്ററി